(ഡി) ഉണ്ട്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ ജില്ലാതല ബോധവൽക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012-നെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനായി ബാലസുരക്ഷ എന്ന പേരിൽ വിശദമായ പ്രിവൻഷൻ പ്രോട്ടോകോൾ (Prevention Protocol) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ എല്ലാവിധ പീഡനങ്ങൾക്കുമെതിരെ കുട്ടികളെ ബോധവൽക്കരിക്കുന്നതിനും അവരിൽ ബാലാവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി കുട്ടികളുമായുള്ള സംവാദം പരിപാടികൾ വിവിധ ജില്ലകളിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മുഖേന സംഘടിപ്പിക്കാറുണ്ട്. കമ്മീഷന്റെ പ്രവർത്തനാരംഭ ദിനമായ ജൂൺ 3-ന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അസംബ്ലി വിളിച്ചുചേർത്ത് കുട്ടികളെ പീഡനത്തിനെതിരെ ബോധവൽക്കരിക്കുന്ന പ്രതിജ്ഞയെടുക്കുന്ന ചടങ്ങ് സംഘടിപ്പിക്കുന്നതിനുപുറമേ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ബാലാവകാശങ്ങൾ സംബന്ധിച്ച് കുട്ടികൾക്കായി ഒരു കൈപുസ്തകം തയ്യാറാക്കി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 7, 8 ക്ലാസ്സുകളിലെ കുട്ടികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

നടപ്പാക്കാൻ സാധിക്കാത്ത ക്ഷേമപദ്ധതികൾ

238 (3078) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യനീതി വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള വിവിധ ക്ഷേമ പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കാൻ സാധിക്കാതെ പോയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം പദ്ധതികൾ പൂർണ്ണമായി നടപ്പാക്കാൻ കഴിയാതെ പോയ സാഹചര്യം വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly